QP CODE: 25022312   25022312   Reg No : ....................

Name : ....................

# MA DEGREE ( CSS) SPECIAL REAPPEARANCE EXAMINATION, APRIL 2025

## Third Semester

MA MALAYALAM

## CORE - ML010303 - MALAYALA NIROOPANAM

2019 ADMISSION ONWARDS

84761EBC

Time: 3 Hours   Weightage: 30

**Part A (Short Answer Questions)**

*Answer any **eight** questions.*

*Weight **1** each.*

1. ആദ്യകാല പത്രമാസികകൾക്ക് മലയാള സാഹിത്യവിമർശനത്തിലുള്ള പ്രാധാന്യം എന്താണ്?
2. വിമർശനരംഗത്ത് കവിത്രയത്തിന്റെ സംഭാവന എന്താണ്?
3. ഭാഷാഗദ്യശൈലിയുടെ പ്രത്യേകതകൾ എന്തൊക്കെയാണെന്നാണ് എം.പി.പോൾ പറയുന്നത്.
4. കരുണരസത്തിനു പ്രാധാന്യം കൊടുക്കുന്ന പാരമ്പര്യം ഭാരതത്തിനില്ലെന്ന ധാരണയെ മുണ്ടശ്ശേരി ഖണ്ഡിക്കുന്നതെങ്ങനെ?
5. സർവ്വവും സുന്ദരമാണെങ്കിൽ ചില വസ്തുക്കൾ അസുന്ദരങ്ങളായി തോന്നുന്നതെന്തുകൊണ്ട്?' എന്ന ചോദ്യത്തിന് കുറ്റിപ്പുഴ നൽകുന്ന വിശദീകരണമെന്ത്?
6. ആർക്കിടൈപ്പൽ ക്രിട്ടിസിസം എന്നാലെന്ത്?
7. മലയാളത്തിലെ ഏറ്റവും ആത്മാർത്ഥതയുള്ള കവി എന്ന് സി.ജെ.തോമസ് ആരെയാണ് അടയാളപ്പെടുത്തുന്നത്?എന്തുകൊണ്ട്?
8. മലയാളത്തിലെ പാരിസ്ഥിതിക നിരൂപണത്തിന്റെ മാതൃകകൾ പരിചയപ്പെടുത്തുക.
9. പി.യുടെ ദുർവായന കേന്ദ്രീകരിക്കുന്നത് കവിതയിൽ നിറഞ്ഞുനിൽക്കുന്ന പിതൃരൂപക്രമത്തിൽത്തന്നെയാണ്' - സമർത്ഥിക്കുക.
10. ദളിത് വാദ വിമർശനത്തിന്റെ സവിശേഷതകൾ പരിശോധിക്കുക.

(8×1=8 weightage)

### Part B (Short Essay/Problems)

*Answer any **six** questions.*

*Weight **2** each.*

11. പാശ്ചാത്യാശയങ്ങൾ മലയാളനിരൂപണത്തെ ആധുനികീകരിച്ചതെങ്ങനെ?
12. *പ്രസ്ഥാനങ്ങളുടെ ഉപജ്ഞാതാവായിരുന്നു കേസരി. ഉദാഹരണസഹിതം വ്യക്തമാക്കുക.*
13. മാർക്സിയൻ സൌന്ദര്യദർശനമാണ് ഇ.എം.എസിന്റെ നിരൂപണത്തെ രൂപപ്പെടുത്തിയത് - വിലയിരുത്തുക.
14. പഥെറ്റിക് ഫാല്ലസി എന്ന് റസ്കിൻ വിശേഷിപ്പിക്കുന്ന സവിശേഷത കുഞ്ഞിരാമൻ നായരുടെ കവിതയിൽ പ്രതിഫലിക്കുന്നതെങ്ങനെ?
15. എഴുതുക എന്നാൽ സ്വാതന്ത്ര്യം അനുഭവിക്കുക എന്നാണ് അർത്ഥം - കെ.പി.അപ്പന്റെ ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.
16. പാരിസ്ഥിതിക സൌന്ദര്യശാസ്ത്രത്തോളം സംപൃക്തമായ മറ്റൊന്ന് മനുഷ്യൻ ആവിഷ്കരിച്ചിട്ടില്ലെന്നുതന്നെ പറയാം - വിശദീകരിക്കുക.
17. സ്ത്രീവാദ നിരൂപണത്തിന്റെ സൈദ്ധാന്തികതലങ്ങളെ പരിചയപ്പെടുത്തുക.
18. ദളിത് വാദ നിരൂപണത്തിന്റെ സാംസ്കാരികതലം വിശദമാക്കുക.

(6×2=12 weightage)

### Part C (Essay Type Questions)

*Answer any **two** questions.*

*Weight **5** each.*

19. "കാലം ഉപ്പിലിട്ട കേസരിയുടെ ആശയങ്ങൾ നമുക്ക് ഇപ്പോൾ അല്പം ആസ്വദിക്കാമെന്നായിട്ടുണ്ട്" – എന്ന എം. എൻ. വിജയന്റെ അഭിപ്രായത്തെ മുൻനിർത്തി മലയാള നിരൂപണരംഗത്തെ കേസരിയുടെ വിമർശന സംഭാവനകൾ വിലയിരുത്തുക.
20. *പുരോഗമന സാഹിത്യപ്രസ്ഥാനവും മാർക്സിയൻ നിരൂപണവും എന്ന വിഷയത്തെ കുറിച്ച് ഉപന്യസിക്കുക.*
21. സ്ഥാപനവൽക്കരിക്കപ്പെട്ട ആശയാവിഷ്കാരങ്ങളോടുള്ള എതിർപ്പാണ് ആധുനിക സാഹിത്യവും വിമർശനവും - ഈ അഭിപ്രായത്തിന്റെ സാധുത നിരൂപണാത്മകമായി പരിശോധിക്കുക.
22. സ്ത്രീവാദ നിരൂപണത്തിന്റെ സാധ്യതകൾ മലയാളസാഹിത്യത്തിൽ പ്രതിഫലിക്കുന്നതെങ്ങനെയെല്ലാമെന്ന് പരിശോധിക്കുക.

(2×5=10 weightage)